LIBRARY ARCHIVES Kerala Legislative Assembly

പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അനുവദിച്ച വായ്പതുക

3 [2866] ശ്രീ. യു. സി. രാമൻ:

„ കെ. കുട്ടി അഹമ്മദ്കുട്ടി:

„ ഇ. ടി. മുഹമ്മദ് ബഷീർ:

„ പി. കെ. അബ്ദുറബ്ബ്:

„ സി. മോയിൻ കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-03, 2003-04 വർഷങ്ങളിൽ സംസ്ഥാന ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അനുവദിച്ചുകൊടുത്ത വായ്പാതുക എത്ര യെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഇനത്തിൽ ഈ കാലയളവിൽ പിരിഞ്ഞുകിട്ടേണ്ട തുക എത്ര;

(സി) പിരിഞ്ഞുകിട്ടിയ തുക എത്ര;

(ഡി) ഗഡുക്കൾ യഥാസമയം പിരിച്ചെടുക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ?

ഉത്തരം

(എ) 2002-03 സാമ്പത്തിക വർഷം സംസ്ഥാന ഗവൺമെന്റ് പൊതുമേഖല സ്ഥാപനങ്ങൾക്ക് അനുവദിച്ച വായ്പാതുക 114.24 കോടി രൂപ. 2003-04-ലെ അന്തിമ കണക്കുകൾ അക്കൗണ്ടന്റ് ജനറൽ ക്രോഡീകരിച്ചിട്ടില്ല. ടി കണക്കുകൾ ക്രോഡീകരിച്ചാൽ മാത്രമേ കൃത്യമായ കണക്കുകൾ ലഭ്യമാകൂ.

(ബി) 2002-03, 2003-04 ബജറ്റ് എസ്റ്റിമേറ്റ്സ് പ്രകാരം പിരിഞ്ഞുകിട്ടേണ്ട ഏകദേശ തുക യഥാക്രമം 34.32 കോടി രൂപയും 14.78 കോടി രൂപയുമാണ്.

(സി) 2002-03-ൽ പിരിഞ്ഞു കിട്ടിയ തുക 8.64 കോടിരൂപ. 2003-04-ലെ അന്തിമ കണക്കുകൾ ലഭിച്ചാൽ മാത്രമേ കണക്കാക്കാൻ സാധിക്കൂ.

(ഡി) പ്രത്യേക സംവിധാനം നിലവിലില്ല. എങ്കിലും ലാഭത്തിൽ നടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ കൃത്യമായി തിരിച്ചടക്കുവാനുള്ള എല്ലാ നടപടികളും എടുത്തിട്ടുണ്ട്.

എ.ഡി.ബി. വായ്പയുടെ പലിശ

4 [2867] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എ.ഡി.ബി.-യിൽ നിന്നും എടുക്കുന്ന വായ്പയ്ക്ക് സംസ്ഥാന സർക്കാർ കൊടുക്കേണ്ട പലിശ എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ?